# പി. അലവി ഹാജി

**മലപ്പുറത്തെ** മൈലപ്പുറം ദാറുസ്സലാമിൽ പൂളക്കണ്ണി അലവി ഹാജി നിര്യാതനായി. കോട്ടപ്പടിയിലെ മസ്ജിദുൽ ഫത്ഹിന്റെ ദീർഘകാല സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നു. പള്ളി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മുസ്‌ലിം പരിപാലനസംഘം, മലപ്പുറം ഇസ്‌ലാമിക് സർവീസ് സൊസൈറ്റി (MISS) എന്നീ സംഘടനകളിലും അദ്ദേഹം സജീവമായിരുന്നു. പരിപാലനസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന സകാത്ത്, ഫിത്വർ സകാത്ത് വിതരണത്തിനു മൈലപ്പുറത്തെ അദ്ദേഹത്തിന്റെ വസതിയായിരുന്നു കേന്ദ്രം. നാട്ടിലെ



നിരാലംബരും നിർധനരുമായവർക്ക് മാസാന്ത പെൻഷൻ സ്കീം മൈലപ്പുറം മഹല്ലിൽ പരിപാലനസംഘം വഴി നടപ്പിലാക്കി. മലപ്പുറം ഇസ്‌ലാമിക് സർവീസ് സൊസൈറ്റിയുടെ പ്രസിഡന്റും ശിപായിയും ഫലത്തിൽ അദ്ദേഹം തന്നെയായിരുന്നു.

പി.ഡബ്ലിയു.ഡി ഡിവിഷനൽ അക്കൗണ്ടന്റായി 25 വർഷം മുമ്പ് പിരിഞ്ഞ ശേഷം മരണം വരെ സാമൂഹിക പ്രവർത്തന രംഗത്ത് അദ്ദേഹം നിറഞ്ഞുനിന്നു. ചെറിയവരെയും വലിയവരെയും ഒരുപോലെ സ്നേഹിച്ചു. അദ്ദേഹത്തിന്റെ വിയോഗം ഒരു മാതൃകാ വ്യക്തിത്വത്തെയാണ് നമുക്ക് നഷ്ടപ്പെടുത്തിയത്.

**കെ. ബദീഉസ്സമാൻ**
**മൈലപ്പുറം**

---

# എം. അബ്ദുകുരിക്കൾ

**വണ്ടൂർ** ഏരിയയിലെ തൊടികപ്പുലം കാർകുൻ ഹൽഖയിലെ സജീവ സാന്നിധ്യമായിരുന്നു എം. അബ്ദുകുരിക്കൾ. 1987ൽ പ്രദേശത്ത് മസ്ജിദ് നൂറിന് മുൻ കേരള അമീർ മർഹൂം കെ.സി അബ്ദുല്ല മൗലവി തറക്കല്ലിട്ടതുമുതൽ പ്രസ്ഥാന പ്രവർത്തകനായി. പ്രാഥമിക വിദ്യാഭ്യാസം പോലും വേണ്ടത്രയില്ലാത്ത കുരിക്കൾ *പ്രബോധനം* വായിച്ച് കൊണ്ടാണ് വായനാശേഷി പരിപോഷിപ്പിച്ചത്. പ്രസ്തുത വായനയാണ് ഹൽഖായോഗങ്ങളിൽ ക്ലാസെടുക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. പള്ളിയിൽ വന്നുപോയ മുഴുവൻ ഇമാമുമാരുടെയും ഖുർആൻ മനഃപാഠങ്ങൾ, നമസ്കാരങ്ങളിലൂടെ അദ്ദേഹം സ്വായത്തമാക്കി. മരിക്കുമ്പോൾ പള്ളിയുടെ രക്ഷാധികാരിയായിരുന്നു അദ്ദേഹം.

ഒരു കാലിന് സ്വാധീനക്കുറവുണ്ടായിട്ടും പ്രസ്ഥാനത്തിന്റെ മുഴുവൻ പരിപാടികളിലും അദ്ദേഹം പങ്കെടുത്തു. ഏരിയാ-ജില്ലാ-മേഖലാ തലങ്ങളിൽ നടന്ന സ്ക്വാഡുകളിലും അദ്ദേഹം കണ്ണിയായി. 10 വർഷം മുമ്പ് മണ്ണാർക്കാട്ട് നടന്ന സ്ക്വാഡിലെ അനുഭവങ്ങൾ എപ്പോഴും പറയുമായിരുന്നു. ചിട്ടയോടെ ജീവിച്ച് പോന്ന അദ്ദേഹത്തിന് മരിക്കുമ്പോൾ, വാക്കുകൊണ്ടോ പ്രവർത്തികൊണ്ടോ ആരോടും ക്ഷമാപണം നടത്തേണ്ടുന്ന ഒരവസരവും ഉണ്ടായിട്ടില്ലെന്ന് നാട്ടുകാർ പറയുന്നു. സൗമ്യമായ പെരുമാറ്റവും നേതൃത്വത്തോടുള്ള അനുസരണവും അദ്ദേഹത്തെ മാതൃകാ വ്യക്തിത്വമാക്കുന്നു. വാർധക്യത്തിലും തന്റെ ശാരീരിക-സാമ്പത്തിക പ്രയാസങ്ങൾ ആരെയും അറിയിക്കാതെയാണ് കിണർ പണിക്ക് പോയിരുന്നത്.

ജോലി ചെയ്യുന്നതിനിടയിൽ നെഞ്ച് വേദന അനുഭവപ്പെട്ട് കിണറ്റിൽ വെച്ച് തന്നെ മരണപ്പെടുകയായിരുന്നു.

**എം. മൊയ്തീൻകുട്ടി തൊടികപ്പുലം**

*പരേതരെ അല്ലാഹു മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*